# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>പൊതുമരാമത്ത് വകുപ്പിന്റെ കാര്യക്ഷമത</u>

3159 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, വി. പി. സജീന്ദ്രൻ
,, എം. പി. വിൻസെന്റ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനം സമഗ്രമായി നവീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ;

(ബി) ഇതിനായി പ്രത്യേക നയം രൂപീകരിക്കുന്നത് പരിഗണനയിലുണ്ടോ ;

(സി) വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നയത്തിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്താനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇത് സംബന്ധിച്ച രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>പി.ഡബ്ല്യു.ഡി. വെബ്സൈറ്റിൽ കൃത്യമായ വിവരങ്ങൾ നൽകാൻ നടപടി</u>

3160 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ല്യൂ.ഡി. യിലെ വിവരങ്ങൾ വെബ് സൈറ്റിൽ നൽകി തുടങ്ങിയിട്ടുണ്ടോ;

(ബി) എന്നാൽ ദർഘാസ് സംബന്ധിച്ച് വളരെ പ്രധാന്യമുള്ള ചില രേഖകൾ സൈറ്റിൽ ലഭ്യമാക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) അഴിമതിയ്ക്ക് കാരണമാകുന്ന ഇപ്രകാരമുളള നടപടികൾ കണ്ടെത്തി വെബ്സൈറ്റിൽ കൃത്യമായ വിവരങ്ങൾ നൽകി പുന:ദർഘാസ് നൽകാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>റോഡുകൾ കൈയ്യേറ്റം ഒഴിപ്പിക്കൽ</u>

3161 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകൾ സ്വകാര്യവ്യക്തികൾ കൈയ്യേറുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബേപ്പൂർ നിയോജകമണ്ഡലത്തിലെ ഫറോക്ക് ടൗൺ, പഴയ എൻ.എച്ച്. റോഡ്, മോഡേൺ, കൊളത്തറ, ഫറോക്ക്-മണ്ണൂർ-കടലുണ്ടി റോഡുകളിലെ കയ്യേറ്റം ഒഴിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; ഇതിനു വേണ്ട നിർദ്ദേശം നൽകുമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>പൊതുമരാമത്ത് വർക്ക് സൈറ്റുകളിൽ ഉദ്യോഗസ്ഥ സാന്നിദ്ധ്യം</u>

3162 ശ്രീ. വി. പി. സജീന്ദ്രൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വർക്ക്സൈറ്റുകളിൽ ഉദ്യോഗസ്ഥ സാന്നിദ്ധ്യം ഉറപ്പ് വരുത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഇത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഇതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

**കുടിവെള്ള പൈപ്പ്‌ലൈൻ സ്ഥാപിക്കുന്നതിന് റോഡ് കട്ടിംഗിനുള്ള അനുമതി**

3163 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജക മണ്ഡലത്തിലെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ജിഡ - ഫിഷറീസ് ഫണ്ട് ഉപയോഗിച്ച് വിഭാവനം ചെയ്തിരിക്കുന്ന കുടിവെള്ള വിതരണ പദ്ധതിക്കായി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് പി.ഡബ്ല്യു.ഡി റോഡ് കട്ടിംഗിനായുള്ള അനുമതി നൽകുന്നതിന് ബന്ധപ്പെട്ട വകുപ്പിൽ നിന്നും അപേക്ഷ നൽകിയിരുന്നോ; എങ്കിൽ അനുമതി നൽകുന്നതിനുള്ള തടസ്സം എന്തെന്ന് വ്യക്തമാക്കുമോ ;

(ബി) വൈപ്പിൻ മണ്ഡലത്തിലെ പ്രത്യേക സാഹചര്യം പരിഗണിച്ച് ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**15.02.2013-ലെ മറുപടിക്ക്**

<u>പൊതുമരാമത്ത് വകുപ്പിൽനിന്നും തദ്ദേശ സ്വയംഭരണ വകുപ്പിലേക്ക് പുനർവിന്യസിച്ച ജീവനക്കാർ</u>

3164 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽനിന്നും തദ്ദേശ സ്വയംഭരണ വകുപ്പിലേക്ക് പുനർവിന്യസിക്കുന്നതിന് ഉത്തരവായ ജീവനക്കാർ തദ്ദേശ സ്വയംഭരണ വകുപ്പിൽ ചുമതല ഏൽക്കുകയുണ്ടായോ;

(ബി) പുനർവ്യന്യാസത്തിന് ഉത്തരവായിട്ടും വകുപ്പിൽ നിന്നും വിടുതൽ ചെയ്യാത്ത എത്ര ജീവനക്കാരുണ്ട്;

(സി) ഇവരെ പുനർവിന്യസിച്ചുകൊണ്ട് ഉത്തരവ് ഇറക്കിയത് എന്നാണ്; ജീവനക്കാരെ ഇതുവരെ വിടുതൽ ചെയ്യാത്തതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവ് നടപ്പാക്കാത്തതിന്റെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിക്കുകയുണ്ടായോ;

(ഡി) പുനർവിന്യാസത്തിന് ഉത്തരവായ ജീവനക്കാരെ സമയബന്ധിതമായി വിടുതൽ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>ചാലക്കുടി മണ്ഡലത്തിലെ റോഡപകടങ്ങൾ</u>

3165 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻ.എച്ച്.47 ൽ ചാലക്കുടി മണ്ഡലത്തിൽപ്പെടുന്ന ചിറങ്ങര, കൊരട്ടി, മുരിങ്ങൂർ, പേരാമ്പ്ര ജംഗ്ഷനുകളിൽ അടിയ്ക്കടിയുണ്ടാകുന്ന അപകട മരണങ്ങൾ ഒഴിവാക്കുന്നതിനായി എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) പേരാമ്പ്രയിൽ കാൽനടക്കാർക്കായി സബ്‌വേ നിർമ്മിക്കുന്ന നടപടി ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

പയ്യന്നൂരിലെ പി.ഡബ്ല്യു.ഡി അധീനതയിലുള്ള സ്ഥലം കിൻഫ്രയ്ക്ക് വിട്ടു നല്കുന്ന നടപടി

3166 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ പയ്യന്നൂർ നിയോജക മണ്ഡലത്തിൽ പയ്യന്നൂർ നഗരസഭയിൽ ഏച്ചിലാംവയലിൽ പി.ഡബ്ല്യൂ.ഡി അധീനതയിലുള്ള സ്ഥലം കിൻഫ്രയുടെ റൂറൽ അപ്പാരൽ പാർക്കിനുവേണ്ടി വിട്ടുനൽകാനുള്ള പ്രൊപ്പോസലിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ;

(ബി) നടപടികൾ പൂർത്തിയാക്കി എത്രയും വേഗത്തിൽ സ്ഥലം വിട്ടുകൊടുക്കാനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

ബാലുശ്ശേരിമുക്ക് ജംഗ്ഷനിലെ ഗതാഗത തടസ്സം

3167 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് - ബാലുശ്ശേരി സ്റ്റേറ്റ് ഹൈവേയും കൊയിലാണ്ടി - താമരശ്ശേരി - മുക്കം - എടവണ്ണപ്പാറ സ്റ്റേറ്റ് ഹൈവേയും കൂടിച്ചേരുന്ന ബാലുശ്ശേരി മുക്ക് ജംഗ്ഷനിൽ സർക്കാർ ആശുപത്രിയോട് ചേർന്ന ഭാഗത്ത് മഴക്കാലത്ത് രണ്ട് ഹൈവേകളിലും മലിനജലം കയറി ഗതാഗതം തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പരിഷ്കരണ പ്രവർത്തികൾക്കിടയിൽ ഇവിടെയുള്ള കൾവർട്ട് അടഞ്ഞുപോയത് തുറക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇതുമായി ബന്ധപ്പെട്ട രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

ആലപ്പുഴ ജില്ലയിൽ ഭരണാനുമതി ലഭിച്ച നിർമ്മാണ പ്രവൃത്തികൾ

3168 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തിക വർഷം ആലപ്പുഴ ജില്ലയിലെ ഏതെല്ലാം നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

കൊരട്ടി ജങ്ഷനിലെ ഗതാഗതപ്രശ്നം പരിഹരിക്കാൻ നടപടി

3169 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊരട്ടി ജങ്ഷനിൽ ഗതാഗതപ്രശ്നങ്ങൾ ഉണ്ടാകുന്നതു ശാശ്വതമായി പരിഹരിക്കാൻ എന്തു നടപടികളാണു സ്വീകരിക്കാനുദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ;

(ബി) ഇതിനായി ഫ്ളൈ ഓവർ നിർമ്മാണമടക്കമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>കരാർ പ്രവൃത്തികൾ ക്രമപ്രകാരമാക്കുവാൻ നടപടി</u>

3170 പ്രൊഫ: സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡ് പണികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ടാറിന് പൊതുമരാമത്ത് വകുപ്പിൽ പ്രാബല്യത്തിലുള്ള നിരക്ക് ഉൾപ്പെടുത്തേണ്ടതാണെന്നും, ടാറിന്റെ വില ഒഴിവാക്കി ബാക്കി തുകയ്ക്കാണ് കോൺട്രാക്ടറുടെ ലാഭവിഹിതം കണക്കാക്കേണ്ടതെന്നും ടാറിന് പൊതുമരാമത്ത് വകുപ്പിൽ നിലവിലുള്ള കൺവേയൻസ് അനുവദിക്കാമെന്നും സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സർക്കുലറിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) എങ്കിൽ റോഡ് നിർമ്മാണത്തിന് പ്രസ്തുത നിർദ്ദേശം പാലിക്കാറുണ്ടോ;

(ഡി) ക്രമപ്രകാരമല്ലാതെയും നിരുത്തരവാദിത്തത്തോടെയും റോഡ് നിർമ്മാണം നടത്തി സർക്കാർ ധനസഹായം ദുരുപയോഗം ചെയ്യുന്ന കരാറുകാർക്കും ഇത്തരം നിർമ്മാണ പ്രവർത്തനം പാസ്സാക്കി നൽകുന്ന ഉദ്യോഗസ്ഥർക്കും, തദ്ദേശസ്ഥാപനങ്ങൾക്കും എതിരെ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

## കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

പി. ഡബ്ല്യു. ഡി. സെക്ഷൻ ഓഫീസുകളുടെ പുന: സംഘടന

3171 ശ്രീ. സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡുകളുടെ ദൈർഘ്യത്തിന്റെ അടിസ്ഥാനത്തിൽ പി. ഡ്ബ്യു. ഡി. സെക്ഷൻ ഓഫീസുകൾ പുന: സംഘടിപ്പിക്കേണ്ട ആവശ്യകത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) നിലവിലുള്ള ഓഫീസ് സംവിധാനം മൂലം റോഡുകളുടെ പരിശോധനക്കും മറ്റും ബുദ്ധിമുട്ട് നേരിടുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സമയബന്ധിതമായി പി. ഡ്ബ്യു.ഡി സെക്ഷൻ ഓഫീസുകൾ പുന: സംഘടിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 15.02.2013-ലെ മറുപടിക്ക്

<u>കളക്ടറുടെ വസതി, തൃക്കാക്കര റെസ്റ്റ് ഹൗസ്</u>

3172 ശ്രീ. ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലാ കളക്ടർക്ക് പുതിയ വസതി നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) തൃക്കാക്കര പി.ഡബ്ല്യൂ.ഡി റെസ്റ്റ് ഹൗസിന് പുതിയ അഡീഷണൽ ബ്ലോക്ക് നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>കോതമംഗലം മിനി സിവില്‍ സ്റ്റേഷന്‍ നിര്‍മ്മാണം</u>

3173 ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കോതമംഗലം മിനി സിവില്‍ സ്റ്റേഷന്റെ നിര്‍മ്മാണം നിര്‍ത്തിവെച്ചിരിക്കുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍ ആയതിന്റെ കാരണങ്ങള്‍ എന്തെല്ലാമെന്നു വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി പൂര്‍ത്തീകരിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങള്‍ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>ബാലുശ്ശേരി റെസ്റ്റ് ഹൗസ് നവീകരണം</u>

3174 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരിയിലെ റെസ്റ്റ് ഹൗസ് അറ്റകുറ്റപ്പണി തീർത്ത് നവീകരിക്കുന്നതിനും കോൺഫറൻസ് ഹാളിൽ ഇരപ്പിടസൗകര്യം ഒരുക്കുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ</u>

3175 ശ്രീ. വി.ഡി. സതീശൻ
'' ഡൊമിനിക് പ്രസന്റേഷൻ
'' റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കർ അധികാരമേറ്റശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തതിനുള്ള കാരണങ്ങൾ എന്തൊക്കെയായിരുന്നു ; വിശദമാക്കുമോ;

(ബി) ഏറ്റെടുത്ത റോഡുകളിൽ എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>തൃക്കാക്കര ജുവനൈൽ ഹോമിന്റെ പുതിയ ബ്ലോക്ക് നിർമ്മാണം</u>

3176 ശ്രീ. ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കരയിലെ ജുവനൈൽ ഹോമിന്റെ നിലവിലുള്ള സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ജുവനൈൽ ഹോമിന് പുതിയ ബ്ലോക്ക് നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>തൃക്കാക്കര മോഡൽ എഞ്ചിനീയറിംഗ് കോളേജിന് പുതിയ ബ്ലോക്ക് നിർമ്മാണം</u>

3177 ശ്രീ. ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര മോഡൽ എഞ്ചിനീയറിംഗ് കോളേജിന് പുതിയ പി.ജി. ബ്ലോക്ക് നിർമ്മാണത്തിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത നിർമ്മാണപ്രവർത്തനങ്ങൾ ഉടൻ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

# കേരള നിയമസഭ
# 15.02.2013-ലെ മറുപടിക്ക്

<u>ചേലക്കര മണ്ഡലത്തിൽ നടത്തിവരുന്ന കെട്ടിടനിർമ്മാണ പ്രവൃത്തികൾ</u>

3178

ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് ഇപ്പോൾ നടത്തി വരുന്ന കെട്ടിടനിർമ്മാണ പ്രവൃത്തികൾ ഏതെല്ലാമാണെന്നും അവയുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ;

(ബി) ഇവയിൽ ഓരോ പ്രവൃത്തിയും പൂർത്തിയാക്കേണ്ട കാലാവധിയെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഇപ്പോൾ ഓരോ പ്രവൃത്തിയും ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ഡി) എല്ലാ കെട്ടിട നിർമ്മാണ പദ്ധതികളും സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>ആസ്തി വികസനഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ</u>

3179 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

എം.എൽ.എ.മാരുടെ നിയമസഭാമണ്ഡലം ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ, അക്രഡിറ്റഡ് ഏജൻസികൾ വഴി നടപ്പിലാക്കാൻ അനുവദിക്കാമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>കുട്ടനാട് താലൂക്കിലെ നിർമ്മാണ പ്രവർത്തനങ്ങൾ</u>

3180 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് താലൂക്കിൽ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള ഏതെല്ലാം നിർമ്മാണ പ്രവർത്തനങ്ങളാണ് പൂർത്തീകരിക്കാനുള്ളത്; വിശദമാക്കുമോ;

(ബി) നടപ്പു സാമ്പത്തികവർഷം ഭരണാനുമതി ലഭ്യമായ കാവാലം - തിരുവിലങ്ങാട് ക്ഷേത്രം - മംഗലം മാണിക്കമംഗലം കായൽ - എണ്ണൂറിൽ മോട്ടോർ തറ റോഡിന്റെ നിർമ്മാണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

ഒറ്റപ്പാലം മണ്ഡലത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ

3181 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിലെ ഏതെല്ലാം നിർമ്മാണ പ്രവർത്തനങ്ങൾക്കാണ് നിലവിൽ ഭരണാനുമതി ഉള്ളത്; ഓരോന്നും പ്രത്യേകം വ്യക്തമാക്കുമോ;

(ബി) ഭരണാനുമതി ലഭ്യമായവയിൽ ഏതിനെല്ലാമാണ് ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ളത്;

(സി) ഭരണാനുമതി ലഭിച്ചിട്ടും ടെണ്ടർ നടപടികൾ സ്വീകരിക്കുവാൻ കഴിയാത്തവ ഏതെല്ലാം; കാരണം വിശദമാക്കുമോ;

(ഡി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ നിലവിൽ ഏതെല്ലാം നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു; വിശദാംശം ലഭ്യമാക്കാമോ; ഓരോ പ്രവൃത്തിയുടെയും നിലവിലെ അവസ്ഥ പ്രത്യേകം വിശദമാക്കുമോ;

(ഇ) ഭരണാനുമതി ലഭ്യമായിട്ടും പണി തുടരുവാൻ കഴിയാത്ത പ്രോജക്ടുകൾ പണി തുടങ്ങുന്നതിനായി എന്തെല്ലാം അടിയന്തിര പ്രവർത്തനങ്ങൾ നടത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

ധര്‍മ്മടം മണ്ഡലത്തില്‍ ഭരണാനുമതി ലഭിച്ച പ്രവൃത്തികള്‍

3182 ശ്രീ. കെ. കെ.നാരായണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ ഗവണ്‍മെന്റ് അധികാരത്തില്‍ വന്നതിനുശേഷം ധര്‍മ്മടം നിയോജക മണ്ഡലത്തില്‍ ഏതെങ്കിലും പ്രവൃത്തികള്‍ക്ക് ഭരണാനുമതി നല്‍കിയിട്ടുണ്ടോ ;

(ബി) എങ്കില്‍ വിശദാംശം വെളിപ്പെടുത്താമോ ?

**കേരള നിയമസഭ**
**15.02.2013-ലെ മറുപടിക്ക്**

<u>അങ്കമാലി മണ്ഡലത്തിലെ റോഡ് വികസനം</u>

3183 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിൽ പദ്ധതികൾക്കായി സ്ഥലം ഏറ്റെടുക്കുന്നതിനായി ഉൾക്കൊള്ളിച്ചിരുന്ന 300 കോടി രൂപ എന്തെല്ലാം പ്രവൃത്തികൾക്കായാണ് വിനിയോഗിച്ചിട്ടുള്ളത് ; വിശദമാക്കാമോ ;

(ബി) അങ്കമാലി നിയോജകമണ്ഡലത്തിലെ എയർപോർട്ടിലേക്കുള്ള വേങ്ങൂർ-നായത്തോട് എയർപോർട്ട് റോഡിന്റെയും കാലടി-മലയാറ്റൂർ റോഡിന്റെയും ക്യാംപ്ഷെഡ് റോഡിന്റെ രണ്ടാംഘട്ട വികസനത്തിനും ആർ.ബി.ഡി.സി.കെ. 257 കോടി രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ള അങ്കമാലി ബൈപ്പാസിന്റെയും സ്ഥലമെടുപ്പ് നടപടികൾക്കായി 300 കോടി രൂപയിൽനിന്നും തുക വകയിരുത്തുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>കൊണ്ടോട്ടി മണ്ഡലത്തിലെ ആസ്തിവികസന ഫണ്ട്</u>

3184 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നിയോജകമണ്ഡലം ആസ്തിവികസന ഫണ്ടിൽനിന്നും കൊണ്ടോട്ടി മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പ് ബിൽഡിംഗ് വിഭാഗത്തിന്റെ കീഴിലുള്ള താഴെപ്പറയുന്ന പ്രവൃത്തികളുടെ വിശദ എസ്റ്റിമേറ്റുകൾ മലപ്പുറം എക്സിക്യൂട്ടീവ് എഞ്ചിനീയർ, കോഴിക്കോട് സൂപ്രണ്ടിംഗ് എഞ്ചിനീയർ, ചീഫ് എഞ്ചിനീയർ എന്നിവരുടെ ഓഫീസുകളിൽ എന്നാണ് സമർപ്പിക്കപ്പെട്ടത് എന്ന് ഓഫീസ് തപാൽ നമ്പർ, തീയതി എന്നിവ സഹിതം വിശദമാക്കുമോ?

1. പുളിക്കൽ ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം വികസനം.
2. ചീക്കോട് ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം വികസനം.
3. ചെറുകാവ് ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം വികസനം.
4. വാഴയാർ ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം വികസനം.
5. ഗവ. ഹൈസ്കൂൾ ബിൽഡിംഗ്, ചുള്ളിക്കോട്.
6. ഗവ. ഹൈസ്കൂൾ ബിൽഡിംഗ്, മുതുവല്ലൂർ.
7. കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ ബിൽഡിംഗിന്റെ രണ്ടാം നില. (ഡയാലിസിസ് സെന്ററിനുവേണ്ടി)

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

ധര്‍മ്മടം മണ്ഡലത്തിലെ മരാമത്ത് പ്രവൃത്തികള്‍

3185 ശ്രീ. കെ. കെ. നാരായണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ധര്‍മ്മടം നിയോജകമണ്ഡലത്തിലെ പൊതുമരാമത്തു വകുപ്പിന്റെ കീഴില്‍ എന്തെല്ലാം പ്രവൃത്തികളാണ് നടന്നുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയും ഏത് ഘട്ടത്തിലാണെന്ന് തരംതിരിച്ച് വിശദമാക്കുമോ?

**കേരള നിയമസഭ**
**15.02.2013-ലെ മറുപടിക്ക്**

<u>ചെറുതാഴം - കുറ്റൂർ - പെരിങ്ങോം റോഡിന്റെ പ്രവൃത്തി</u>

3186 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ എം.എൽ.എ യുടെ ആസ്തിവികസന ഫണ്ടിൽ നിന്നും ഭരണാനുമതി നൽകിയ ചെറുതാഴം - കുറ്റൂർ - പെരിങ്ങോം റോഡിന്റെ പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയും; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത റോഡിന്റെ ചന്തപ്പുര മുതൽ മാതമംഗലം വരെയുള്ള ഭാഗം മെക്കാഡം ടാറിംഗ് ചെയ്യുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

## കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

വെറ്റിലപ്പാറ പാലത്തിലേക്കുള്ള ലിങ്ക് റോഡ്

3187 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ മുക്കന്നൂർ പഞ്ചായത്തിലെ വെള്ളപ്പാറയിൽ നിന്നും വെറ്റിലപ്പാറ പാലത്തിലേക്കുള്ള ലിങ്ക് റോഡ് ഗതാഗതയോഗ്യമാക്കുന്നതിനായി വനം വകുപ്പിൽ നിന്നും പി.ഡബ്ല്യൂ.ഡിയ്ക്ക് വിട്ടുകിട്ടുന്നതിനായി യൂസർ ഏജൻസി എന്ന നിലയിൽ പി.ഡബ്ല്യ.ഡി 1980-ലെ ഫോറസ്റ്റ് (കൺസർവേഷൻ) ആക്ട് സെക്ഷൻ (2) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>ആല - ഗോതുരുത്ത് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം</u>

3188 ശ്രീ. വി. എസ്. സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം നിയോജകമണ്ഡലത്തിലെ ആല - ഗോതുരുത്ത് പാലത്തിന്റെ പ്രവർത്തനം നിലച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പാലത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടും അപ്രോച്ച് റോഡ് നിർമ്മിക്കാത്തതിനാൽ ഗോതുരുത്ത് നിവാസികൾ പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിന് എന്ത് തടസ്സമാണുള്ളതെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത അപ്രോച്ച് റോഡിന്റെ പണി പൂർത്തിയാക്കി എന്നത്തേയ്ക്ക് പാലം പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കുവാനാകുമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>നേമം മണ്ഡലത്തിലെ പാലങ്ങളുടെ നിര്‍മ്മാണത്തിന് ഭരണാനുമതി</u>

T3189 ശ്രീ. വി. ശിവന്‍കുട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നേമം നിയോജക മണ്ഡലത്തിലെ പനത്തുറ, മുടവന്‍മുഗള്‍, മാങ്കാട്ടുകടവ്, കീഴാറന്നൂര്‍, ഇടയാര്‍ എന്നിവിടങ്ങളില്‍ പാലങ്ങളുടെ നിര്‍മ്മാണത്തിന് ഭരണാനുമതി നല്‍കിയിട്ടുണ്ടോ;

(ബി) എങ്കില്‍ ആയതിന്റെ വിശദാംശങ്ങള്‍ ലഭ്യമാക്കുമോ;

(സി) ഇല്ലെങ്കില്‍ ആയത് എന്നത്തേയ്ക്ക് ലഭ്യമാക്കുമെന്നും, ഇപ്പോഴുണ്ടായ കാലതാമസത്തിനു കാരണമെന്താണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

നെല്ലിയാമ്പതിയിലെ നൂറടിപ്പാലം പുനർനിർമ്മിക്കാൻ നടപടി

3190 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതിയിലെ നൂറടിപ്പാലം ഗതാഗതയോഗ്യമല്ലാതായിട്ട് എത്ര വർഷമായിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പാലം പുനർനിർമ്മിക്കാനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഇതിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപയാണ് എസ്റ്റിമേറ്റ് തുക; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

ചെങ്ങന്നൂർ കൈപ്പാലക്കടവ് പാലം നിർമ്മാണം

3191 ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ നഗരാതിർത്തിയിലെ മംഗലം ഇടനാട് പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന കൈപ്പാലക്കടവ് പാലം നിർമ്മാണം ഏത് ഘട്ടംവരെ ആയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പാലം നിർമ്മാണത്തിന് നിലവിലുള്ള തടസ്സം എന്താണ് എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പാലത്തിന്റെ നിർമ്മാണ ഉദ്ഘാടനം എന്നത്തേയ്ക്ക് നടത്തുവാനാകും എന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**15.02.2013-ലെ മറുപടിക്ക്**

ചെങ്ങന്നൂർ പുത്തൻവീട്ടിൽ പടി പാലം നിർമ്മാണം

3192 ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂരിലെ പുത്തൻവീട്ടിൽപടി പാലം വീതി കൂട്ടി പുനർനിർമ്മാണം നടത്തുന്നതിന് എന്തെങ്കിലും നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത പാലം നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തുക എത്രയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>കോഴിബസാർ സുൽത്താൻതോട് പാലത്തിന്റെ നിർമ്മാണ പുരോഗതി</u>

3193 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ കോഴി ബസാർ സുൽത്താൻതോട് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണ പുരോഗതി അറിയിക്കാമോ; പ്രസ്തുത അപ്രോച്ച് റോഡിന്റെ നിർമ്മാണം എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നറിയിക്കുമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

കോട്ടപ്പുറം - അച്ചാംതുരുത്തി പാലത്തിന്റെ നിർമ്മാണ പ്രവൃത്തി

3194 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത്
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോട്ടപ്പുറം-അച്ചാംതുരുത്തി പാലത്തിന്റെ നിർമ്മാണ പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണ കാലാവധി എത്ര മാസം ആണെന്നും ഏതു തീയതിവരെ ആണെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>ഇറപ്പുഴ പാലം നിർമ്മാണം</u>

3195 ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂരിൽ പമ്പാനദിക്ക് കുറുകെ കല്ലിശ്ശേരി ഇറപ്പുഴ പാലത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത പാലം നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് സ്കെച്ച് പ്ലാൻ എന്നിവയുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത പാലംനിർമ്മാണവുമായി ബന്ധപ്പെട്ട് എന്തൊക്കെ പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 15.02.2013-ലെ മറുപടിക്ക്

<u>വഴുവാടിക്കടവ് പാലം നിർമ്മാണം</u>

3196 ശ്രീ. പി.സി.വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത്
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ മാവേലിക്കര അസംബ്ലി മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന വഴുവാടിക്കടവ് പാലം നിർമ്മാണത്തിന്റെ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത പാലത്തിന്റെ സ്കെച്ച്, പ്ലാൻ, എസ്റ്റിമേറ്റ് എന്നിവയുടെയും പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിയിലുണ്ടാകുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തിക്ക് നാളിതുവരെ എത്ര തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് സാമ്പത്തിക വർഷം തിരിച്ച് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>ആല - ഗോതുരുത്ത് പാലം</u>

3197 ശ്രീ. വി.എസ്.സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം മണ്ഡലത്തിലെ ആല - ഗോതുരുത്ത് പാലത്തിന്റെ നിർമ്മാണ പ്രവർത്തനനടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) നിരവധി കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്ന ഗോതുരുത്തുമായി ബന്ധിപ്പിക്കുന്ന നിലവിലുള്ള പഴയപാലം തകരുവാൻ സാദ്ധ്യതയുണ്ടെന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത പാലം പണി അടിയന്തിരമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>പള്ളിക്കമണ്ണടിപാലം</u>

3198 ശ്രീ. ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ പള്ളിക്കമണ്ണടിപാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കുവാനുള്ളത്; വിശദമാക്കുമോ;

(ബി) പ്രസ്തുത പാലം നിർമ്മാണത്തിന് അനുവദിച്ച് 3.15 കോടി രൂപാ അടങ്കലിൽ പാലം പണി പൂർത്തീകരിക്കുവാൻ കഴിയുമോ;

(സി) ഇല്ലായെങ്കിൽ, എത്ര തുക നിലവിൽ ആവശ്യമായി വരുമെന്നും ആയത് ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും അറിയിക്കുമോ;

(ഡി) ഭൂമി ഏറ്റെടുക്കൽ നടപടി ത്വരിതപ്പെടുത്തുക, അധിക തുക ലഭ്യമാക്കുക, തുടങ്ങിയുള്ള കാര്യങ്ങളിൽ ഊർജ്ജിതമായ നടപടി സ്വീകരിക്കുവാൻ സന്നദ്ധമാകുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

റെയിൽവേ ഗേറ്റുകൾക്ക് മേൽപ്പാലം നിർമ്മിക്കാൻ നടപടി

3199 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മലബാർ മേഖലയിൽ നാഷണൽ ഹൈവേയിൽ വരുന്ന ഏതൊക്കെ റെയിൽവേ ഗേറ്റുകൾക്കാണ് മേൽപ്പാലങ്ങൾ ഇല്ലാത്തതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത സ്ഥലങ്ങളിൽ റെയിൽ ഓവർബ്രിഡ്ജ് (ആർ. ഒ. ബി) നിർമ്മിക്കുന്നതിന് സംസ്ഥാന സർക്കാർ സ്ഥലം ഏറ്റെടുത്ത് നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) സ്ഥലം നൽകിയിട്ടും ആർ.ഒ.ബി യുടെ നിർമ്മാണം തുടങ്ങാതിരിക്കാനുള്ള കാരണം എന്താണെന്ന് വിശദമാക്കുമോ;

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>അയിലം പാലം നിർമ്മാണം</u>

3200 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അയിലം പാലം നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) ഇതിന്റെ നിർമ്മാണപ്രവർത്തനം എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്;

(സി) ഇതിന്റെ കരാർ തുക എത്രയാണെന്നറിയിക്കുമോ;

(ഡി) ഇതിന്റെ കരാർ ഏറ്റെടുത്തത് ആരാണെന്ന് അറിയിക്കുമോ;

(ഇ) പാലം നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

തട്ടാശ്ശേരി പാലത്തിന്റെ നിർമ്മാണം

3201 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇൻവെസ്റ്റിഗേഷനും ലാൻഡ് അക്വിസിഷനുമായി 1 കോടി രൂപയുടെ ഭരണാനുമതിയുള്ള തട്ടാശ്ശേരി പാലത്തിന്റെ നിർമ്മാണത്തിന് എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) കുട്ടനാട്ടിലെ സോയിൽ ടെസ്റ്റിന് ടെൻഡർ ക്ഷണിച്ചതോ പൂർത്തീകരിച്ചതോ ആയ പാലങ്ങളുടെ റിപ്പോർട്ട് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പാലങ്ങൾ</u>

3202 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ കല്ലുവാതുക്കൽ, വട്ടക്കുഴിക്കൽ കട്ടയിൽപാലം, കല്ലുവാതുക്കൽ തടയ്ക്കൽ ഭാഗത്ത് മണ്ണയം പാലങ്ങൾ കാലപ്പഴക്കം കൊണ്ട് ബലക്ഷയം സംഭവിച്ച് അപകടകരമായ അവസ്ഥയിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പാലങ്ങൾ പുതുക്കിപ്പണിയണമെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിരുന്നുവോ ; അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>കൈവരി ഇല്ലാത്ത പാലങ്ങൾ</u>

3203 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൈവരി ഇല്ലാത്ത പാലങ്ങൾ അപകടത്തിൽപെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത്തരം പാലങ്ങൾക്ക് അടിയന്തിരമായി കൈവരി നിർമ്മിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>കാലടി സമാന്തര പാലം</u>

3204 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലടി സമാന്തര പാലത്തിന്റെ ദിശ അന്തിമമായി നിർണ്ണയിക്കുന്നതിനും പാലത്തിന്റെ രൂപരേഖ തയ്യാറാക്കുന്നതിനുമുള്ള സർവ്വേകളും മണ്ണു പരിശോധനയടക്കമുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളും സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും തുടർ നടപടികൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 15.02.2013-ലെ മറുപടിക്ക്

## കണമലയിൽ പാലം നിർമ്മാണം

3205 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിമല പാതയിലെ കണമലയിൽ പാലം നിർമ്മിക്കുന്നതിനായി അനുവദിച്ച തുകയും എസ്റ്റിമേറ്റ് തുകയും എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുതപാലത്തിനായി എത്ര രൂപയുടെ എസ്റ്റിമേറ്റാണ് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയിട്ടുള്ളത്;

(സി) പ്രസ്തുതപ്രവൃത്തി ടെൻഡർ ചെയ്തിട്ടുണ്ടോ; ആരാണിത് ഏറ്റെടുത്തിട്ടുള്ളത്; കരാറുകാർ എഗ്രിമെന്റ് വെച്ചിട്ടുണ്ടോ; എത്ര നാളാണ് കാലാവധി അനുവദിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) ഇതിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം സഹിതം വിശദമാക്കുമോ; എന്നത്തേയ്ക്കു നിർമ്മാണം ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഇ) അപ്രോച്ച് റോഡിനായി ഇരുകരകളിലും ഭൂമി ലഭ്യമായിട്ടുണ്ടോ; ഓരോ കരയിലും എത്രവീതം ഭൂമിയാണു ലഭിക്കേണ്ടത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(എഫ്) അടുത്ത ഉത്സവകാലത്തിനുമുമ്പായി പാലത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>അങ്ങാടിപ്പുറം റെയിൽവേ മേൽപ്പാലം</u>

3206 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻ.എച്ച്. 966-ൽ അങ്ങാടിപ്പുറം റെയിൽവേ ലൈനിനു കുറുകെ മേൽപ്പാലം നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ, പ്രസ്തുതവിഷയത്തിൽ എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ;

(സി) മേൽപ്പാലനിർമ്മാണം എപ്പോൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോഗ്രം</u>

3207 ശ്രീ. ഡൊമിനിക് പ്രസന്റേഷന്‍
'' പി. എ. മാധവന്‍
'' ഹൈബി ഈഡന്‍
'' ഷാഫി പറമ്പില്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പൊതുമരാമത്ത്
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സിറ്റി റോഡ് ഇംപ്യൂവ്മെന്റ് പ്രോഗ്രാമിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാം; വിശദമാക്കുക;

(ബി) സംസ്ഥാനത്ത് ഇത് എവിടെയൊക്കെ നടപ്പിലാക്കിവരുന്നുണ്ട്; വിശദമാക്കാമോ;

(സി) ഇതേ മാതൃകയില്‍ സംസ്ഥാനത്തെ മറ്റ് നഗരങ്ങളില്‍ റോഡ് പണികള്‍ നടത്തുവാന്‍ പദ്ധതികള്‍ തയ്യാറാക്കുമോ; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങള്‍ എന്തെല്ലാം?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവ സംബന്ധിച്ച പരാതികൾ

3208 ശ്രീ. പാലോട് രവി
,, വി. ഡി. സതീശൻ
,, ഐ. സി. ബാലകൃഷ്ണൻ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവ സംബന്ധിച്ച പരാതികളും മറ്റ് പ്രശ്നങ്ങളും പരിഹരിക്കുന്നതിന് ഏതെല്ലാം സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) ഇതിനായി സംസ്ഥാനത്ത് പ്രത്യേക സെൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എന്തെല്ലാം സേവനങ്ങളാണ് പ്രസ്തുത സെൽ മുഖേന ജനങ്ങൾക്ക് ലഭിക്കുന്നത് ; വിശദമാക്കുമോ ?

## കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>സംസ്ഥാനപാത വീതി കൂട്ടുന്നതിനുള്ള പദ്ധതി</u>

3209 ശ്രീമതി ജമീലാ പ്രകാശം
ശ്രീ. മാത്യു.റ്റി.തോമസ്
,, ജോസ് തെറ്റയിൽ
,, സി.കെ.നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത്
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പാത 45 മീറ്റർ ആക്കുന്നതിന് ആവശ്യമായ നടപടികളുടെ കരട് കെ.എസ്.ടിപി വകുപ്പിന് സമർപ്പിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കരടിലെ നിർദ്ദേശങ്ങൾ വെളിപ്പെടുത്താമോ;

(സി) ഇതു പ്രകാരം റോഡിന്റെ വശങ്ങളിൽ പുതിയതായി കെട്ടിടങ്ങൾ പണിയുന്നതിന് മുൻകരുതൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>കോർ റോഡ് നെറ്റ് വർക്ക് പദ്ധതി</u>

3210 ശ്രീ. കെ. ശിവദാസൻ നായർ
,, സി. പി. മുഹമ്മദ്
,, വർക്കല കഹാർ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോർ റോഡ് നെറ്റ്വർക്ക് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ;

(ബി) റോഡ് വികസനം ലക്ഷ്യമിട്ട് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം ; ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
# 15.02.2013-ലെ മറുപടിക്ക്

<u>ശബരിമല ഹെവി മെയിന്റനൻസ് പദ്ധതി</u>

3211 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിമല ഹെവി മെയിന്റനൻസ് പദ്ധതിയിലുൾപ്പെടുത്തി എത്ര തുകയാണ് മുൻസർക്കാരിന്റെ കാലത്ത് അനുവദിച്ചത്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഏതൊക്കെ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അവയുടെ പേരുസഹിതം വ്യക്തമാക്കുമോ;

(സി) ഇവയിൽ ഏതൊക്കെ പ്രവൃത്തികൾ ടെൻഡർ ചെയ്തിട്ടുണ്ടെന്ന് ഓരോ പ്രവൃത്തിയുടെ പേരും, എസ്റ്റിമേറ്റ് തുകയും, കരാർ എടുത്ത തുകയും കരാർ എടുത്ത വ്യക്തികൾ ആരൊക്കെയെന്നും വ്യക്തമാക്കുമോ;

(ഡി) കരാറുകാർ ഓരോ പ്രവൃത്തിക്കും എന്നാണ് എഗ്രിമെന്റ് വെച്ചിട്ടുള്ളതെന്നും, കാലാവധി എത്രയെന്നും വ്യക്തമാക്കുമോ;

(ഇ) ഇവയിൽ ഏതൊക്കെ നിർമ്മാണപ്രവൃത്തികളാണ് ആരംഭിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ;

(എഫ്) സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ജി) ബഹു: ഹൈക്കോടതി തിരഞ്ഞെടുത്തിട്ടുള്ള 17 ശബരിമല റോഡുകൾ ഹെവി മെയിന്റനൻസ് പദ്ധതിയിലുൾപ്പെടുത്തി പുനരുദ്ധരിക്കുമെന്ന ബഡ്ജറ്റ് പ്രഖ്യാപനം നടപ്പിലാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>ദേശീയപാതാ വികസനം</u>

3212 ശ്രീ. ജി. സുധാകരൻ
,, കെ. വി. അബ്ദുൾ ഖാദർ
,, കെ. കെ. നാരായണൻ
,, എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയപാതാ വികസനം ഏത് ഘട്ടത്തിലാണ്; വിശദാംശം വെളിപ്പെടുത്താമോ;

(ബി) സംസ്ഥാനത്തെ ദേശീയപാതാ വികസന പ്രവർത്തനങ്ങളിൽ നിന്ന് ദേശീയപാതാ വികസന അതോറിറ്റി പിൻവാങ്ങുന്നതായി അറിയിച്ചിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച് കേന്ദ്രസർക്കാരിന്റെ അറിയിപ്പ് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഇത്തരം ഒരു പിൻവാങ്ങലിനുണ്ടായ കാരണം എന്താണെന്ന് പരിശോധിക്കുകയുണ്ടായോ;

(ഇ) എങ്കിൽ ഇതു പരിഹരിച്ച് അതോറിറ്റിയുടെ പ്രവർത്തനം തുടരുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

കെ.എസ്.ടി.പി.യുടെ രണ്ടാംഘട്ട വികസനം

3213

ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ടി.പി.യുടെ രണ്ടാംഘട്ട വികസനത്തിന് എത്ര കി.മീ റോഡാണ് തെരഞ്ഞെടുത്തത്; ഇതിനുള്ള ഫണ്ടിന്റെ സ്രോതസ്സ് ഏതെല്ലാം സ്രോതസ്സ് വഴിയാണ് കണ്ടെത്തിയിട്ടുള്ളത്;

(ബി) ഇത് ഏതെല്ലാം ജില്ലകളിൽ എത്ര. കി. മീറ്റർ വീതമാണെന്ന് വ്യക്തമാക്കുമോ;

(സി) ലോകബാങ്ക് സഹായം ലഭ്യമായിട്ടുണ്ടോ; എങ്കിൽ എന്തു തുകയാണ് ലഭിച്ചത്; വ്യക്തമാക്കുമോ;

(ഡി) രണ്ടാംഘട്ട വികസനത്തിന് നടപ്പുസാമ്പത്തിക വർഷം സംസ്ഥാന ബജറ്റിൽ എന്തു തുകയാണ് വകയിരുത്തിയത്; പ്രസ്തുത തുക മുഴുവൻ ചെലവഴിക്കുകയുണ്ടായോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>കെ.എസ്.റ്റി.പി രണ്ടാംഘട്ട പദ്ധതി</u>

3214 ശ്രീമതി ജമീലാ പ്രകാശം
ശ്രീ. മാത്യു റ്റി. തോമസ്
,, സി. കെ. നാണു
,, ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.റ്റി.പി. രണ്ടാം ഘട്ട പദ്ധതിയിൽ ഏതെല്ലാം റോഡുകൾ ഉൾപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത് ;

(ബി) എം.സി. റോഡിലെ ചെങ്ങന്നൂർ-മൂവാറ്റുപുഴ സെക്ടർ കെ.എസ്.റ്റി.പി. രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ആയതിലേയ്ക്ക് എത്ര രൂപയാണ് അടങ്കൽ പ്രതീക്ഷിക്കുന്നത് ;

(ഡി) പദ്ധതി നിർവ്വഹണത്തിനായി ലോക ബാങ്ക് മുതലായ സാമ്പത്തിക ഏജൻസികളിൽ നിന്ന് വായ്പ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ അതിന്റെ പുരോഗതി ഏത് ഘട്ടം വരെയായി എന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>നബാർഡ് ധനസഹായം</u>

3215 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
'' കെ. ശിവദാസൻ നായർ
'' പാലോട് രവി
'' സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡുകളും പാലങ്ങളും പണിയാൻ ധനസഹായം നൽകുവാൻ നബാർഡ് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എത്ര തുകയുടെ ധനസഹായമാണ് ഇതിനായി നൽകുന്നത്; വിശദാംശങ്ങൾ സഹിതം വ്യക്തമാക്കുമോ;

(സി) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള എത്ര റോഡുകൾക്കും പാലങ്ങൾക്കുമാണ് പ്രസ്തുത ധനസഹായം നൽകുന്നത്;

(ഡി) നബാർഡിൽ നിന്നും ലഭിക്കുന്ന ധനസഹായത്തിന്റെ വ്യവസ്ഥകൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>റോഡ് ഫണ്ട് ബോർഡിന്റെ പ്രവർത്തന മേഖല</u>

3216 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത്
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള റോഡ് ഫണ്ട് ബോർഡിന്റെ പ്രധാന പ്രവർത്തന മേഖല എവിടെയാണ്;

(ബി) കൊച്ചി, കോഴിക്കോട് നഗരങ്ങളിൽ ബോർഡിന്റെ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ടോ;

(സി) പ്രധാന നഗരങ്ങളെക്കൂടാതെ മറ്റ് ജില്ലകളിലേക്ക് കൂടി ബോർഡിന്റെ പ്രവർത്തനം വ്യാപിപ്പിക്കാൻ ഉദ്ദേശമുണ്ടോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>റോഡുകളുടെ സുരക്ഷയും ഗുണനിലവാരവും</u>

3217 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ റോഡുകളുടെ സുരക്ഷയും ഗുണനിലവാരവും മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ബി) ഇനി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(സി) റോഡുകൾ പുതിയതായി ടാർ ചെയ്താൽ ഉടൻ തന്നെ റോഡുകൾ വെട്ടിമുറിക്കുന്നതും കുഴിക്കുന്നതുമായ പ്രവൃത്തികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ എന്തെല്ലാം മാനദണ്ഡങ്ങൾക്കു വിധേയമായിട്ടാണ്; പ്രസ്തുത നടപടികൾക്ക് അനുമതി നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) ഇത് സമയബന്ധിതമായി റീ ടാർ ചെയ്യുന്നതിന് നടപടി സ്വീകരിക്കാത്തത് എന്ത് കൊണ്ട് എന്ന് വിശദമാക്കുമോ;

(എഫ്) ഇക്കാര്യത്തിൽ സമയബന്ധിതമായി നടപടി സ്വീകരിക്കാത്തവർക്കെതിരെ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>ആലപ്പുഴ - ചങ്ങനാശ്ശേരി റോഡിൽ സോഡിയം വേപ്പർ ലാമ്പുകൾ</u>

3218 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കുട്ടനാട് നിയോജകമണ്ഡലത്തിൽ ആലപ്പുഴ - ചങ്ങനാശ്ശേരി റോഡിൽ കെ.എസ്.ടി.പി. സ്ഥാപിച്ചിട്ടുള്ള സോഡിയം വേപ്പർ ലാമ്പുകൾ കത്തിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>പടനിലം-നന്‍മണ്ട റോഡ്</u>

3219 ശ്രീ. പി.റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പടനിലം-നന്‍മണ്ട റോഡ്, സെന്‍ട്രല്‍ റോഡ് ഫണ്ടില്‍ ഉള്‍പ്പെടുത്തി പൂര്‍ത്തീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് കേരള സര്‍ക്കാര്‍ പ്രൊപ്പോസല്‍ നല്‍കിയത് എന്നാണെന്നറിയിക്കുമോ;

(സി) ഇതിന് എന്നാണ് ഭരണാനുമതി ലഭിച്ചത്;

(ഡി) പ്രസ്തുത പ്രവൃത്തിയെ സംബന്ധിച്ച് ഏതെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>മുട്ടുങ്ങൽ-നാദാപുരം റോഡ്</u>

3220 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മുട്ടുങ്ങൽ-നാദാപുരം റോഡ് സ്റ്റേറ്റ് ഹൈവേ ആക്കുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>വൈപ്പിന്‍-പള്ളിപ്പുറം സ്റ്റേറ്റ് ഹൈവേ</u>

3221 ശ്രീ. എസ്. ശര്‍മ്മ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വൈപ്പിന്‍ പള്ളിപ്പുറം സ്റ്റേറ്റ് ഹൈവേ വീതികൂട്ടി ടാര്‍ ചെയ്യുന്നതിനും ഓട നിര്‍മ്മിക്കുന്നതിനും സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തടസ്സം എന്തെങ്കിലുമുണ്ടെങ്കില്‍ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 15.02.2013-ലെ മറുപടിക്ക്

<u>മധുര - കോടിമത പാതയുടെ പദ്ധതി നടപടികൾ</u>

3222

ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേർത്തലയിലൂടെ കടന്നുപോകും എന്നു പറയപ്പെടുന്ന മധുര-കോടിമത പാതയുടെ പദ്ധതി നടപടികൾ ഏതു ഘട്ടംവരെയായെന്നു വിശദമാക്കാമോ;

(ബി) ഇതിനുള്ള സ്ഥലമെടുപ്പ് നടപടികൾ വൈകുന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(സി) കോടിമത പാതയുടെ പൂർത്തീകരണത്തിന് എത്ര ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടി വരുമെന്നും എത്ര തുക ചെലവിടേണ്ടിവരുമെന്നുമുള്ള കണക്ക് എടുത്തിട്ടുണ്ടോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

ചളിക്കവട്ടം - എയർപോർട്ട്, കാക്കനാട് - തങ്ങളം റോഡുകൾ

3223 ശ്രീ. ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട്സിറ്റി - ഇൻഫോ പാർക്ക് എന്നീ സ്ഥലങ്ങളെ ബന്ധപ്പെടുത്തി പുതിയ ചളിക്കവട്ടം - ചക്കരപ്പറമ്പ് - അറക്കകടവ് സീപോർട്ട് എയർപോർട്ട് റോഡിന്റെ സ്ഥലം ഏറ്റെടുപ്പിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനായി 2013 -14 വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തുമോ;

(സി) കാക്കനാട് - തങ്ങളം റോഡിന്റെ രണ്ടാം റീച്ച് പണി ആരംഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 15.02.2013-ലെ മറുപടിക്ക്

ആലപ്പുഴ തീരദേശ റോഡ്

3224 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്തവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തീരദേശ റോഡിന്റെ ഭാഗമായുള്ള വാടക്കനാൽ പാലത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടും ഇതിന്റെ ഭാഗമായുള്ള റോഡിന്റെ നിർമ്മാണം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത റോഡിന്റെ പൂർത്തീകരണത്തിനായി ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ?

(ഡി) റോഡ് പൂർത്തിയാക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ, ഇതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

**മലപ്പുറം ജില്ലയിലെ ഗ്രാമീണ റോഡുകളുടെ ഒറ്റത്തവണ നന്നാക്കൽ പദ്ധതി**

3225 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വിവിധ മണ്ഡലങ്ങളിൽ ഗ്രാമീണ റോഡുകളുടെ ഒറ്റത്തവണ നന്നാക്കൽ പദ്ധതിയനുസരിച്ച് പി.ഡബ്ല്യു.ഡി. നോൺപ്ലാൻ ഫണ്ടിൽ നിന്നും എത്ര റോഡുകളുടെ പുനരുദ്ധാരണത്തിന് പണം അനുവദിച്ചു; വ്യക്തമാക്കാമോ;

(ബി) ഇതിനായി എത്ര തുകയാണ് ഓരോ മണ്ഡലത്തിനും അനുവദിച്ചത് എന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഗണത്തിൽ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച ഏതെങ്കിലും പ്രവൃത്തികൾ ടെൻഡർ ചെയ്യാത്തതായിട്ടുണ്ടോ;

(ഡി) എങ്കിൽ അവ ഏതൊക്കെ പ്രവൃത്തികളാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

കാസര്‍ഗോഡ് ജില്ലയിലെ ഗ്രാമീണ റോഡുകള്‍

3226 ശ്രീ. ഇ. ചന്ദ്രശേഖരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്ന ശേഷം ഗ്രാമീണ റോഡുകള്‍ നന്നാക്കുന്നതിനുള്ള നടപടികള്‍ സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കുമോ;

(ബി) എങ്കില്‍ ഇതനുസരിച്ച് ഏതെല്ലാം റോഡുകളാണ് കാസര്‍ഗോഡ് ജില്ലയില്‍ നന്നാക്കുവാന്‍ തീരുമാനിച്ചിട്ടുള്ളതെന്ന് മണ്ഡലം തിരിച്ച് പട്ടിക വെളിപ്പെടുത്താമോ;

(സി) പ്രസ്തുത പദ്ധതിയനുസരിച്ച് ഏതെല്ലാം റോഡുകള്‍ നന്നാക്കുവാനാണ് കാഞ്ഞങ്ങാട് എം. എല്‍.എ ആവശ്യപ്പെട്ടിരുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) അതില്‍ എത്ര റോഡുകള്‍ നന്നാക്കുന്നതിനുള്ള പ്രൊപ്പോസല്‍ സമര്‍പ്പിച്ചിരുന്നുവെന്നും അതില്‍ എത്രയെണ്ണം മുന്‍ വിവരിച്ച പട്ടികയില്‍ ഉള്‍പ്പെടുത്തിയിട്ടുണ്ടെന്നും അറിയിക്കാമോ;

(ഇ) ഇല്ലെങ്കില്‍ എന്തുകൊണ്ടാണെന്നും ആരുടെ വീഴ്ചമൂലമാണെന്നും അറിയിക്കാമോ?

# കേരള നിയമസഭ
# 15.02.2013-ലെ മറുപടിക്ക്

കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കിയ റോഡ് പ്രവൃത്തികൾ

3227 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കിയ റോഡ് പ്രവൃത്തികൾ ഏതെല്ലാം; ഓരോ പ്രവൃത്തിയ്ക്കും ഭരണാനുമതി പ്രകാരം നൽകിയ തുക എത്ര വീതം; വിശദമായി വ്യക്തമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും പുരോഗതി വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊയിലാണ്ടി മണ്ഡലത്തിൽ എസ്.എൽ.ടി.എഫ്.ൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പദ്ധതികൾ പ്രവൃത്തികൾ ഏതെല്ലാം; ഓരോ പദ്ധതിക്കും/ പ്രവർത്തിക്കും അനുവദിച്ച തുക എത്ര വീതം; വിശദമായ പട്ടിക ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

ആയൂർ-ഇത്തിക്കര റോഡ്

3228 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കൊല്ലം ജില്ലയിലെ പ്രമുഖറോഡായ ആയൂർ-ഇത്തിക്കര റോഡ് ബി.എം. ആൻഡ് ബി.സി. പ്രകാരം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>ചമ്രവട്ടം പാക്കേജിൽ റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ</u>

3229 ഡോ: കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചമ്രവട്ടം പാക്കേജിൽ ഉൾപ്പെടുത്തി അനുബന്ധ റോഡുകളുടെ അറ്റകുറ്റ പണികൾക്കായി എത്ര രൂപയാണ് അനുവദിച്ചിട്ടുളളത്; അവ ഏതെല്ലാമാണ്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് ആരംഭിക്കുവാനും, പൂർത്തിയാക്കാനുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പാക്കേജിൽ പോത്തന്നൂർ-പൊൽപ്പാക്കര-പെരുമ്പറമ്പ്-എടപ്പാൾ റോഡിൽ മാണിക്ക്യപാലം മുതൽ പൊൽപ്പാക്കര തട്ടാൻപടി വരെയുളള ഭാഗവും കൂടി ഉൾപ്പെടുത്തുന്നതിനുളള നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത വഴി കടന്നു പോകുന്ന ഹെവി വാഹനങ്ങൾക്ക് മാണിക്ക്യപാലം തട്ടാൻപടി റോഡുവഴി നിഷ്പ്രയാസം പൊന്നാനി പാലക്കാട് റോഡിലേക്ക് എത്താമെന്നുളള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

കാസർഗോഡ് ജില്ലയിലെ റോഡ് പണികൾ

3230 ശ്രീ. ഇ.ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത്
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിൽ ഏതെല്ലാം വിവിധ പദ്ധതിയിൻ കീഴിൽ ഏതെല്ലാം റോഡുകളുടെ പണികൾക്ക് എത്ര തുക വീതം അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഇവയുടെ മണ്ഡലം തിരിച്ചുളള പട്ടിക ലഭ്യമാക്കാമോ;

(സി) ഇതിൽ പണികൾ ആരംഭിച്ചവയും പൂർത്തിയായവയും എത്ര എന്ന് അറിയിക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിൽ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത റോഡുകളുടെ പട്ടികയും അവയ്ക്ക് അനുവദിച്ച ഫണ്ടും വിശദമാക്കാമോ?

# കേരള നിയമസഭ
# 15.02.2013-ലെ മറുപടിക്ക്

<u>കൽപ്പറ്റ മണ്ഡലത്തിലെ ഏറ്റെടുക്കപ്പെട്ട</u>
<u>പഞ്ചായത്ത് റോഡുകൾ</u>

3231 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൽപ്പറ്റ നിയോജക മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്ത് റോഡുകളാണ് ഏറ്റെടുത്തത്; പ്രസ്തുത റോഡുകളുടെ പഞ്ചായത്തുതല വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

വൈപ്പിൻ മണ്ഡലത്തിലെ റോഡുകളുടെ നവീകരണവും അറ്റകുറ്റപ്പണികളും

3232 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ വിവിധ സ്കീമുകളിൽ ഉൾപ്പെടുത്തി പി.ഡബ്ല്യൂ.ഡി റോഡുകളുടെ നവീകരണത്തിനും അറ്റകുറ്റപണികൾക്കുമായി ഈ ഗവൺമെന്റ് അധികാരമേറ്റ ശേഷം എത്ര തുക ചെലവഴിച്ചു ;

(ബി) വൈപ്പിൻ മണ്ഡലത്തിലെ കോൺവെന്റ് ബീച്ച് പാലം നബാർഡ് സഹായത്തോടെ നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ ; പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തടസ്സം എന്തെന്ന് വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

കാവിൽ-തീക്കുനി-കുറ്റ്യാടി-റോഡ്

3233 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാവിൽ-തീക്കുനി-കുറ്റ്യാടി റോഡിൽ എന്തെല്ലാം പരിഷ്കരണ പ്രവൃത്തികൾ നടത്തുന്നതിനാണ് അനുമതി നൽകിയിട്ടുളളത് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുളള കമ്മിറ്റി പ്രസ്തുത റോഡിനെ സംബന്ധിച്ച പ്രൊപ്പോസൽ പരിശോധിക്കുകയുണ്ടായോ എന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ എത്ര തവണ പരിശോധിച്ചുവെന്നും എന്ത് നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(ഡി) ഫണ്ടിന്റെ അപര്യാപ്തത മൂലമാണ് പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകാതിരുന്നതെങ്കിൽ പ്രസ്തുത റോഡിൽ നാലോ അഞ്ചോ ഭാഗങ്ങൾ തിരിച്ച് പ്രവൃത്തികൾക്ക് ഘട്ടംഘട്ടമായി ഭരണാനുമതിനൽകുന്നതിന് തയ്യാറാവുമോ; വ്യക്തമാക്കുമോ;

(ഇ) ഇപ്രകാരം ഭരണാനുമതി ലഭിക്കണമെങ്കിൽ എന്തെല്ലാം നടപടികളാണ് വകുപ്പുതലത്തിൽ സ്വീകരിക്കേണ്ടത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>നെൻമാറ മണ്ഡലത്തിലെ റോഡുകൾ</u>

3234 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത്
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെൻമാറ മണ്ഡലത്തിലെ ഏതെല്ലാം പി.ഡബ്ല്യു.ഡി റോഡുകളെയാണ് ബി.എം.&ബി.സി ആയി ഉയർത്താൻ ഉദ്ദേശിച്ചിട്ടുള്ളത്;

(ബി) ഇത് സംബന്ധിച്ച എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ടോ;

(സി) പി.ഡബ്ല്യു.ഡി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഗ്രാമീണ റോഡുകൾ ഏതെല്ലാമെന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>പുനർനിർമ്മാണം നടത്തുവാനായി തീരുമാനിച്ച റോഡുകൾ</u>

3235 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് പുനർനിർമ്മാണം നടത്താനായി തീരുമാനിച്ച നേമം നിയോജകമണ്ഡലത്തിൽ കരുമം - തിരുവല്ലം റോഡ്, വിജയമോഹിനി മിൽ പുന്നക്കാമുഗൾ-മുടവൻമുഗൾ റോഡ് എന്നീ റോഡുകളുടെ പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(ബി) പ്രസ്തുത പ്രവൃത്തികളുമായി ബന്ധപ്പെട്ട ഫയലിന്റെ ഇപ്പോഴത്തെ സ്ഥിതി എന്തെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>കോഴിക്കോട് തൊണ്ടയാട് ജംഗ്ഷനിൽ ഓവർ ബ്രിഡ്ജ്</u>

3236 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് തൊണ്ടയാട് ജംഗ്ഷനിൽ ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>നരിക്കുനി ടൗണില്‍ ബൈപാസ് നിര്‍മ്മിക്കുന്നത്</u>

3237 ശ്രീ. പി.റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കോഴിക്കോട് നരിക്കുനി ടൗണില്‍ ബൈപ്പാസ് നിര്‍മ്മിക്കാന്‍ ഭരണാനുമതി നല്‍കിയിട്ടുണ്ടോ;

(ബി) എങ്കില്‍ ഇതിന്റെ അടങ്കല്‍ തുക എത്രയാണ്;

(സി) എന്നാണ് ഇതിന് ഭരണാനുമതി നല്‍കിയത്;

(ഡി) ഇതിന്റെ പ്രവര്‍ത്തനം ഇപ്പോള്‍ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

തങ്കളം - കോഴിപ്പിള്ളി ബൈപ്പാസ് റോഡ്

3238 ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തങ്കളം- കോഴിപ്പിള്ളി ബൈപ്പാസ് റോഡ് നിർമ്മാണം നിർത്തിവച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത ബൈപ്പാസ് റോഡ് സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

## കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>പുതുപൊന്നാനി- കുറ്റിപ്പുറം എൻ.എച്ച്. ബൈപ്പാസ്</u>

3239 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ പുതുപൊന്നാനി - കുറ്റിപ്പുറം എൻ.എച്ച് ബൈപാസ് റോഡ് പ്രവൃത്തി നടത്തുന്നതിന്റെ നടപടികൾ ഏതു ഘട്ടത്തിലാണ് ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇപ്പോൾ ആരാണ് ടെണ്ടർ എടുത്തതെന്നും എത്ര തുകയ്ക്കാണെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത കരാർ നടപടികൾ പൂർത്തിയായിട്ടുണ്ടോ;

(ഡി) ചമ്രവട്ടം ജംഗ്ഷൻ മുതൽ പുതുപൊന്നാനി വരെയുള്ള ഭാഗവും, അതിലെ പാലം നിർമ്മാണത്തിനും എന്ത് നടപടി സ്വീകരിക്കാൻ കഴിയും; വിശദമാക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>ചേലക്കര ബൈപാസ് നിർമ്മാണത്തിന്റെ കാലതാമസം</u>

3240 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര ബൈപാസ് നിർമ്മാണത്തിന്റെ കാലതാമസത്തിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയിട്ടുള്ള അലൈൻമെന്റ് അംഗീകരിച്ചിട്ടുണ്ടോ

(സി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) സംസ്ഥാന തണ്ണീർത്തട സംരക്ഷണ സമിതിയുടെ അംഗീകാരം പ്രസ്തുത പദ്ധതിയ്ക്ക് ലഭിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ അറിയിക്കാമോ;

(എഫ്) ചേലക്കര ടൗണിലെ ഗതാഗതതടസ്സം ഒഴിവാക്കാൻ റോഡ് വീതി കൂട്ടി പുനരുദ്ധരിക്കുന്നതിന് പൊതുമരാമത്ത് തയ്യാറാക്കിയിട്ടുള്ള ഏക പദ്ധതി മാത്രമുള്ള സാഹചര്യത്തിൽ അത് ബോധ്യപ്പെടുത്തി കൃഷി വകുപ്പിന്റെ കീഴിലുള്ള തണ്ണീർത്തട സംരക്ഷണ സമിതിയുടെ അംഗീകാരം ലഭ്യമാക്കി പദ്ധതി നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

**കേരള നിയമസഭ**
**15.02.2013-ലെ മറുപടിക്ക്**

<u>അങ്കമാലി ബൈപാസ് നിർമ്മാണം</u>

3241 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി ബൈപ്പാസ് നിർമ്മാണത്തിനാവശ്യമായ തുക ഇപ്രാവശ്യത്തെ ബഡ്ജറ്റിൽ വകയിരുത്തുവാൻ നടപടി സ്വീകരിക്കുമോ;

(ബി) മുൻ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരുന്ന 300 കോടി രൂപയിൽനിന്നും അങ്കമാലി ബൈപ്പാസിനായി തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>ചെങ്ങന്നൂര്‍ ബൈപാസ് നിര്‍മ്മാണം</u>

3242 ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ചെങ്ങന്നൂര്‍ ബൈപാസ് നിര്‍മ്മാണത്തിന്റെ പുരോഗതി വിശദീകരിക്കുമോ;

(ബി) പ്രസ്തുത ബൈപാസ് നിര്‍മ്മാണം എപ്പോള്‍ ആരംഭിക്കും; വിശദമാക്കുമോ;

(സി) നിര്‍മ്മാണാരംഭത്തിനുള്ള കാലതാമസം എന്താണെന്ന് വിശദമാക്കുമോ;

(ഡി) ബൈപാസ് നിര്‍മ്മാണത്തിന്റെ എസ്റ്റിമേറ്റ് തുക എത്രയെന്ന് വിശദമാക്കുമോ;

(ഇ) വിശദമായ എസ്റ്റിമേറ്റ്, സ്കെച്ച്, പ്ലാന്‍ എന്നിവയുടെ പകര്‍പ്പ് ലഭ്യമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരന്‍,
തിരുവനന്തപുരം, സെക്രട്ടറി.
2013 ഫെബ്രുവരി 6.

"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.